## സെന്റ്. മേരീസ് ഓർത്തഡോക്സ് വലിയ പള്ളി. കണ്ടനാട്

മലങ്കര സഭാചരിത്രവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന ഈ ദേവാലയം, പഴയ കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും അതിർത്തിക്കു സമീപമാണ് സ്ഥിതി ചെയ്യുന്നത്. 4-ാം നൂറ്റാണ്ടിലാണ് ഈ ദേവാലയം സ്ഥാപിതമായതെന്നാണ് പരക്കെയുള്ള വിശ്വാസം. പാലൂർ, കൊടുങ്ങല്ലൂർ, അങ്കമാലി എന്നീ കേന്ദ്രങ്ങൾക്കു ശേഷം തെക്കൻ ദേശത്ത് നിരണം പള്ളിയും വടക്ക് കണ്ടനാട് പള്ളിയുമായിരുന്നു മലങ്കര സഭയുടെ തലസ്ഥാന ദേവാലയമായി വർത്തിച്ചിരുന്നത്.

പകലോമറ്റം മെത്രാന്മാരിൽ പലരുടേയും ആസ്ഥാനമായിലരുന്ന കണ്ടനാട് മർത്തമറിയം പള്ളിയിൽ 1728-ൽ 4-ാം മാർത്തോമ്മായും 1764 -ൽ ശക്രള്ളാ മാർ ബസ്സേലിയോസ് മഫ്രിയാനയും കബറടങ്ങി. 1876 ൽ ഇഗ്നാത്തിയോസ് പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ മലങ്കരസഭയെ ഭരണ സൗകര്യാർത്ഥം ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചപ്പോൾ അതിലൊന്ന് കണ്ടനാട് പള്ളി കേന്ദ്രീകരിച്ചുള്ള കണ്ടനാട് ഭദ്രാസനമായിരുന്നു. അന്ന് വാഴിക്കപ്പെട്ട ആറ് മെത്രാന്മാരിൽ ഒരാൾ കണ്ടനാട് ഇടവക വികാരിയായ കരോട്ടുവീട്ടിൽ ശെമവൂൻ ദിവന്നാസ്യോസ് ആയിരുന്നു. കൊച്ചിയുടെ മെത്രാനായി നിയമിക്കപ്പെട്ട അദ്ദേഹത്തെ കൊച്ചി മെത്രാസനം സ്വീകരിക്കാതെ വന്നപ്പോൾ അദ്ദേഹം ജീവപര്യന്തം താമസിച്ചത് കണ്ടനാട് പള്ളിയിലാണ്.

1809-ലും 1843- ലുമായി രണ്ട് സുന്നഹദോസുകൾ (കണ്ടനാട് സുന്നഹദോസ് I, II) ഇവിടെ വച്ച് ചേരുകയുണ്ടായി. 8-ാം മാർത്തോമ്മായുടെ മെത്രാൻ വാഴ്ച സംബന്ധിച്ചുണ്ടായ വിവാദങ്ങൾ തീർക്കുവാൻ 1809 ചിങ്ങം 1 ന് ചേർന്ന സമ്മേളനത്തിൽ അംഗീകരിച്ച കണ്ടനാട് പടിയോല ഒരർത്ഥത്തിൽ മലങ്കര സഭയുടെ കാനോനും നടപടിക്രമവും ഭരണഘടനയുമാണ്. 1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ ഈ പള്ളി സന്ദർശിക്കുകയും ഇവിടെ വച്ച് 6-ാം മാർത്തോമ്മാ അദ്ദേഹത്തിന് പ്രാചീന സുറിയാനി ബൈബിൾ (ഇപ്പോൾ കേംബ്രിംഡ്ജിൽ) സമ്മാനിക്കുകയും ചെയ്തു. മലങ്കരസഭയിലെ കക്ഷിവഴക്ക് ഈ ദേവാലയത്തേയും സാരമായി ബാധിച്ചിട്ടുണ്ട്.

വികാരി വെരി. റവ. ഐസക് മട്ടുമ്മേൽ കോർ എപ്പിസ്ക്കോപ്പ